REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മലേഷ്യയിലെ ഇന്ത്യൻ സമൂഹം ഇരുരാജ്യങ്ങളുടെയും ഹൃദയങ്ങളെ ബന്ധിപ്പിക്കുന്ന ജൈവിക പാലമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ത്യ- അമേരിക്ക ഇടക്കാല വ്യാപാര കരാർ സന്തുലിതവും കർഷക താൽപര്യങ്ങൾ പൂർണമായി സംരക്ഷിക്കുന്നതുമാണെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ.**
- **മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കാസർകോട് ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും.**
- **131-ാമത് മാരാമൺ കൺവൻഷന് ഇന്ന് തുടക്കമാകും.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഉച്ചയ്ക്ക് സർവീസസിനെ നേരിടും.**

## വാർത്തകൾ വിശദമായി

മലേഷ്യയിലെ ഇന്ത്യൻ സമൂഹം ഇരുരാജ്യങ്ങളുടെയും ഹൃദയങ്ങളെ ബന്ധിപ്പിക്കുന്ന ജൈവിക പാലമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. മലേഷ്യയിൽ പ്രവർത്തിക്കുന്ന നൂറിലേറെ ഇന്ത്യൻ IT കമ്പനികൾ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 2024 ൽ തുടക്കമിട്ട തന്ത്രപരമായ സമഗ്ര പങ്കാളിത്തം ഇന്ത്യയുടേയും മലേഷ്യയുടേയും മാത്രമല്ല ഏഷ്യയുടെ മുഴുവൻ പുരോഗതിക്ക് വഴിയൊരുക്കുന്നതാണെന്ന് കോലാലംപൂരിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവെ നരേന്ദ്രമോദി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്......

ഇന്ത്യൻ UPI പ്ലാറ്റ്ഫോം വൈകാതെ മലേഷ്യയിൽ പ്രവർത്തിച്ച് തുടങ്ങുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നീണ്ടകാലമായി തുടരുന്ന സൗഹൃദം അദ്ദേഹം എടുത്തുപറഞ്ഞു.

മലേഷ്യയിലെ ആറാം തലമുറ ഇന്ത്യക്കാർക്കും പ്രവാസി ഭാരതീയ കാർഡ് സൗകര്യം ലഭ്യമാക്കി. ഇന്ത്യയിൽ പഠിക്കാനെത്തുന്ന വിദ്യാർത്ഥികൾക്ക് തിരുവള്ളുവർ സ്കോളർഷിപ്പ് നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പുതിയ ഇന്ത്യൻ കോൺസിലേറ്റ് മലേഷ്യയിൽ ഉടൻ തുറക്കുമെന്നും നരേന്ദ്രമോദി അറിയിച്ചു.

കോലാലംപൂരിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാക്കുകകൾ ഇരു രാജ്യങ്ങൾക്കുമിടയിലെ ചരിത്ര - സാംസ്കാരിക ബന്ധങ്ങൾ വെളിപ്പെടുത്തുന്നതാണെന്നും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ വിലയിരുത്തി. മലേഷ്യയിലെ ഇന്ത്യക്കാരുടെ തമിഴ് പൈതൃകത്തെ നരേന്ദ്രമോദി പരാമർശിച്ചതിനേയും അവിടെ തിരുവള്ളുവർ കേന്ദ്രം സ്ഥാപിക്കുമെന്ന് അറിയിച്ചതിനേയും ഉപരാഷ്ട്രപതി സ്വാഗതം ചെയ്തു.

✪✪✪

ഇന്ത്യ- അമേരിക്ക ഇടക്കാല വ്യാപാര കരാർ സന്തുലിതവും കർഷക താൽപര്യങ്ങൾ പൂർണമായി സംരക്ഷിക്കുന്നതുമാണെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ സുലഭമായി ഉത്പാദിപ്പിക്കുന്ന കാർഷിക- ക്ഷീരോത്പന്നങ്ങളെ താരിഫ് ഇളവിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. നെല്ല് ഗോതമ്പ്, പഞ്ചസാര, മെയ്സ്, സോയാബീൻ, കോഴി വളർത്തൽ എന്നിവ ഇവയിൽ ഉൾപ്പെടുമെന്ന് പീയുഷ് ഗോയൽ ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു, നേരത്തെ ഏർപ്പെടുത്തിയിരുന്ന 50 ശതമാനം കയറ്റുമതി താരിഫ് കരാർ പ്രകാരം 18 ശതമാനമായി കുറയുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

UPSC കോൾ സെന്ററിന്റെ പ്രവർത്തന സമയം വർദ്ധിപ്പിച്ചു. സിവിൽ സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷകൾക്ക് അപേക്ഷാ സമർപ്പണം പൂർത്തിയാകുന്നത് വരെ ശനി, ഞായർ, അവധി ദിവസങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ദിവസവും കോൾ സെന്റർ പ്രവർത്തിക്കും. രാവിലെ 7 മുതൽ രാത്രി 9 വരെ രണ്ട് ഷിഫ്റ്റുകളിലാണ് പ്രവർത്തനം. കോൾസെന്ററിൽ കൂടുതൽ ജീവനക്കാരെയും ഏർപ്പെടുത്തിയിട്ടുണ്ട്.

ഉദ്യോഗാർത്ഥികൾക്ക് വേഗത്തിൽ സമയബന്ധിതമായ സഹായം ഉറപ്പാക്കാനാണ് കോൾ സെന്റർ വിപുലീകരണമെന്ന് UPSC ചെയർമാൻ ഡോ. അജയ് കുമാർ പറഞ്ഞു.

✪✪✪

പശ്ചിമഘട്ട വനമേഖലയിലെ ക്യാസനൂർ രോഗത്തിനെതിരെ ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ വികസിപ്പിച്ച വാക്സിൻ നിർണായക പരീക്ഷണ ഘട്ടം പിന്നിട്ടതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു. കേരളം, തമിഴ്നാട്, കർണാടക, ഗോവ, മഹാരാഷ്ട്ര, സംസ്ഥാനങ്ങളിൽ കണ്ടുവരുന്ന പകർച്ച രോഗമാണ് ക്യാസനൂർ ഫോറസ്റ്റ് ഡിസീസ്. മൃഗങ്ങളിൽ വാക്സിൻ പരീക്ഷണം വിജയകരമായി പൂർത്തിയായി. മനുഷ്യനിലെ ആദ്യഘട്ട പരീക്ഷണത്തിന് തുടക്കമിട്ടതായും മന്ത്രാലയം വെളിപ്പെടുത്തി. കർണാടാക ഗവൺമെന്റിന്റെ ആവശ്യപ്രകാരമാണ് ICMR വാക്സിൻ വികസിപ്പിക്കുന്നത്.

✪✪✪

RSS ന് അധികാരമോ പ്രശസ്തിയോ ആവശ്യമില്ലെന്നും സാമൂഹ്യ പ്രവർത്തനം, അച്ചടക്കം, സ്വഭാവ രൂപീകരണം  എന്നിവയിലൂടെ രാഷ്ട്ര നിർമ്മാണത്തിന് സംഘടന പ്രതിജ്ഞാബദ്ധമാണെന്നും സംഘ് മേധാവി മോഹൻ ഭഗവത് പറഞ്ഞു. RSS ശതാബ്ദി വർഷാഘോഷങ്ങളുടെ ഭാഗമായി, മുംബൈയിലെ പ്രഭാഷണ പരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. "സംഘയാത്രയുടെ 100 വർഷങ്ങൾ - പുതിയ ചക്രവാളങ്ങൾ" എന്ന പേരിലാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം നാളെ ആകാശവാണി പ്രക്ഷേപണം ചെയ്യും. രാവിലെ 10 മുതലാണ് പരിപാടി. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കുന്നതാണ് രണ്ടാം ഭാഗം. ആകാശവാണി നിലയങ്ങളിലും  യുട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കാസർകോട് ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. തൃക്കരിപ്പൂർ നടക്കാവിലെ ജില്ലാ മൾട്ടിപർപ്പസ് സ്റ്റേഡിയം രാവിലെ ഉദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി പിന്നീട് പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സജ്ജീകരിച്ച 'തിരുമുമ്പ്

കാർഷിക സംസ്കൃതി പഠന കേന്ദ്രം' നാടിന് സമർപ്പിക്കും. കാർഷിക വിജ്ഞാനവും ചരിത്രവും വിനോദവും സമന്വയിപ്പിച്ചാണ് സെന്റർ സ്ഥാപിച്ചത്.

ഉച്ചകഴിഞ്ഞ് ചീമേനി, പെർഡാല പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റിലെ സൗരോർജ്ജ വൈദ്യുതി നിലയങ്ങളുടെ നിർമ്മാണം അദ്ദേഹം ഉദ്ഘാടനം ചെയ്യും. വൈകിട്ട് വെള്ളിക്കൊത്ത് വിജ്ഞാന ദായനി ദേശീയ വിദ്യാലയം ശതാബ്ദി ആഘോഷവും മുഖ്യമന്ത്രി ഉദ്ഘാടനം, ചെയ്യും. തുടർന്ന് കുണിയയിൽ പൊതുപരിപാടിയിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

UDF അധികാരത്തിലെത്തിയാൽ സംസ്ഥാനത്തെ എല്ലാ മേഖലയിലെയും വികസനത്തിന് നൂതന പദ്ധതികൾ നടപ്പാക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കാസർഗോഡ് നിന്ന് ആരംഭിച്ച 'പുതുയുഗ യാത്ര'യ്ക്ക് കണ്ണൂരിൽ നൽകിയ സ്വീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്നലെ രാത്രി കണ്ണൂർ സ്റ്റേഡിയം കോർണറിലെ സ്വീകരണ യോഗം മുസ്ലിംലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ഇന്ന് യാത്ര ഇല്ല. നാളെ രാവിലെ തലശ്ശേരിയിലെ ആശയവിനിമയത്തിനും സ്വീകരണപരിപാടികൾക്കും ശേഷം യാത്ര വയനാട്ടിൽ പ്രവേശിക്കും.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന വടക്കൻ മേഖല വികസന മുന്നേറ്റ ജാഥ ഇന്നും കോഴിക്കോട് ജില്ലയിൽ പര്യടനം തുടരും. ജാഥയ്ക്ക് മുതലക്കുളത്ത് 'കോഴിക്കോട് നോർത്ത്, സൗത്ത് മണ്ഡലങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകും. നാളെ ഫറോക്കിലെ സ്വീകരണത്തിന് ശേഷം ജാഥ മലപ്പുറം ജില്ലയിൽ പ്രവേശിക്കും.

✪✪✪

ആറാമത് അന്താരാഷ്ട്ര പാർക്കിൻസൻസ് വാർഷിക സിമ്പോസിയം രാവിലെ തിരുവനന്തപുരത്ത് മന്ത്രി വീണാജോർജ്ജ് ഉദ്ഘാടനം ചെയ്യും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് , ദേശീയ ഹെൽത്ത് മിഷൻ, തിരുവനന്തപുരം മെഡിക്കൽ കോളജ് ന്യൂറോളജി വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ദേശീയ - അന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന സിമ്പോസിയം സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

കളമശ്ശേരി മെഡിക്കൽ കോളജ് ക്യാമ്പസിൽ നിർമ്മിച്ച കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വൈകീട്ട് ഉദ്ഘാടനം ചെയ്യും. ഉപകരണങ്ങളടക്കം 450 കോടിയോളം രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. കാൻസർ ചികിത്സാ ഗവേഷണ രംഗങ്ങളിൽ പുതിയ കേന്ദ്രം വലിയ മുന്നേറ്റമാകുമെന്ന് മന്ത്രി വീണാ ജോർജ്ജ് വിലയിരുത്തി. കാൻസർ രോഗികൾക്ക് ആധുനികവും ഗുണമേന്മയേറിയതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം സ്ഥാപിച്ചതെന്നും മന്ത്രി പറഞ്ഞു.

✪✪✪

131-ാമത് മാരാമൺ കൺവൻഷന് ഇന്ന് തുടക്കമാകും. പമ്പ മാരാമൺ മണപ്പുറത്ത് ഈ മാസം 15 വരെയാണ് കൺവൻഷൻ. ഉച്ച കഴിഞ്ഞ് മലങ്കര മാർത്തോമ്മാ സുറിയാനി സഭ പരമാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. സുവിശേഷ പ്രസംഗസംഘം പ്രസിഡന്റ് ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായിരിക്കും. KSRTC വിവിധ സ്ഥലങ്ങളിൽ നിന്ന് പ്രത്യേക സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ബേപ്പൂരിനെ അന്താരാഷ്ട്ര മാതൃകാ ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി മന്ത്രി PA മുഹമ്മദ് റിയാസ് പ്രഖ്യാപിച്ചു. പദ്ധതിയുടെ ഭാഗമായ അന്താരാഷ്ട്ര സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. ടൂറിസം ജനങ്ങൾക്ക് വേണ്ടിയാണെന്ന നയമാണ് ഗവൺമെന്റിന്റേതെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു. സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്ന ഉത്തരവാദിത്ത ടൂറിസം പ്രസന്റേഷൻ, വിജയകഥകൾ പരിചയപ്പെടുത്തൽ, സ്ത്രീ സൗഹൃദ ടൂറിസം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ കതിരൂരിൽ കടുവയുടെ തോലും, പല്ലും നഖവും വിൽക്കാൻ ശ്രമിച്ച ഏഴംഗ സംഘം പിടിയിലായി. വനം വകുപ്പ് ഇന്റലിജൻസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് സംഘം പിടിയിലായത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

......(വോയ്സ് ).....

കതിരൂരിൽ വെച്ച് എരുവട്ടി സ്വദേശി അശ്വിൻ, ചെറുവാഞ്ചേരി സ്വദേശികളായ സന്ദീഷ് , ബാലൻ എന്നിവരാണ് ആദ്യം പിടിയിലായത്.ഇവരെ ചോദ്യം ചെയ്തതിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ

അന്വേഷണത്തിലാണ്  കല്ലിക്കണ്ടി സ്വദേശി ശരത് , മാങ്ങാട് സ്വദേശി രജീഷ് , ചെറുവാഞ്ചേരിയിലെ വിതുൽ, മലാൽ സ്വദേശി രഖിൽ  എന്നിവരെ പിടികൂടിയത്. കടുവയുടെ തോലും പല്ലുകളും നഖങ്ങളും കടത്താൻ ഉപയോഗിച്ച വാഹനങ്ങളും ഉൾപ്പെടെ കസ്റ്റഡിയിലെടുത്തു..

കൊട്ടിയൂർ റേഞ്ച് ഓഫീസരുടെ നേതൃത്വത്തിലുള്ള സംഘവും  ഫോറസ്റ്റ് വിജിലൻസ് വിഭാഗവും സംയുക്തമായി നടത്തിയ നീക്കത്തിലാണ് പ്രതികൾ പിടിയിലായത്.

✪✪✪

രണ്ടുതവണ നിപാ രോഗത്തെ അതിജീവിച്ച ടിറ്റോ-യെ  മന്ത്രി വീണാ ജോർജ് കോഴിക്കോട്ടെ വീട്ടിൽ സന്ദർശിച്ചു. മരുതോങ്കര സ്വദേശിയായ രോഗിയെ പരിചരിക്കുന്നതിനിടെയാണ് നഴ്സായ ടിറ്റോയ്ക്ക് അണുബാധയുണ്ടായത്. ചികിത്സയിലൂടെ രോഗം മാറിയെങ്കിലും അത്യപൂർവമായ ഡിലേയ്ഡ് എൻസഫലിറ്റിസ് എന്ന അവസ്ഥ ടിറ്റോയ്ക്ക് നേരിടേണ്ടിവന്നു.  വിദഗ്ധ ചികിത്സയിലൂടെ ടിറ്റോ ഇപ്പോൾ രോഗമുക്തനായി വരികയാണ്.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് സർവീസസിനെ നേരിടും. അസമിലെ ധാകുവാഖാന സ്റ്റേഡിയത്തിൽ ഉച്ചക്ക് ഒന്നിനാണ് പോരാട്ടം. എട്ടാം കിരീടം ലക്ഷ്യമിടുന്ന കേരളത്തിന് ഇത് 16-ാം ഫൈനൽ പോരാട്ടമാണ്. സന്തോഷ് ട്രോഫി ചരിത്രത്തിൽ രണ്ടാം തവണയാണ് കേരളവും സർവീസനും മുഖാമുഖം വരുന്നത്.  2013ൽ കൊച്ചിയിലെ ഷൂട്ടൗട്ടിൽ, സർവീസസ് കേരളത്തെ പരാജയപ്പെടുത്തിയിരുന്നു.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, അമേരിക്കയെ 29 റൺസിന് തോൽപ്പിച്ചു. മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ 162 റൺസ് വിജയലക്ഷ്യവുമായി ക്രീസിലിറങ്ങിയ അമേരിക്ക എട്ട് വിക്കറ്റിന് 132 റൺസെടുത്ത് പുറത്തായി. നേരത്തെ ഇന്ത്യ ഒമ്പത് വിക്കറ്റിന് 161 റൺസെടുത്തിരുന്നു.

ഇന്ന് ലോകകപ്പിൽ  മൂന്ന് മത്സരങ്ങളുണ്ട്. ന്യൂസിലാന്റ്, അഫ്ഗാനിസ്ഥാനെ രാവിലെ 11ന് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ നേരിടും. മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ ഇംഗ്ലണ്ട് - നേപ്പാൾ മത്സരം ഉച്ചകഴിഞ്ഞ് മൂന്നിന് ആരംഭിക്കും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് ശ്രീലങ്ക , അയർലന്റിനെയും നേരിടും.

✪✪✪

സംസ്ഥാന യൂത്ത് അണ്ടർ 20 അന്തർജില്ലാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. രാവിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആദ്യ മത്സരത്തിൽ എറണാകുളം കോട്ടയത്തെ നേരിടും.

വൈകിട്ട് സംസ്ഥാന സ്പോർട്സ് ആൻഡ് യൂത്ത് അഫേഴ്സ് ഡയറക്ടർ P വിഷ്ണുരാജ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. 15-നാണ് ഫൈനൽ.

✪✪✪

കണ്ണൂർ മാങ്ങാട്ട് പറമ്പിൽ എട്ടാമത് സംസ്ഥാന CBSE തായ്ക്വാൻഡോ ചാമ്പ്യൻഷിപ്പിൽ മൗണ്ട് ഗൈഡ് ഇന്റർനാഷണൽ പെരിങ്ങത്തൂരും ചിന്മയ വിദ്യാലയ കാസർകോടും മുന്നേറുന്നു. സംസ്ഥാനത്തെ ആയിരത്തിലധികം വിദ്യാർത്ഥികൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

സമസ്തയുടെ നൂറാം വാർഷിക സമ്മേളനം ഇന്ന് കാസർകോട്ട് സമാപിക്കും. സമാപന സമ്മേളനം അൽ അസ്ഹർ സർവകലാശാല റെക്ടർ ഡോ. സലാമ ജുമ ദാവൂദ് ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് VD സതീശനും പങ്കെടുക്കും.

✪✪✪

കൊല്ലം എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ മറ്റന്നാൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ജോബ് ഡ്രൈവ് സംഘടിപ്പിക്കും. പ്ലസ് ടു പാസ്സായ 18നും 35നും ഇടയിൽ പ്രായമായ തൊഴിലന്വേഷകർ, ബയോഡാറ്റയും മറ്റ് രേഖകളുമായും എത്തേണ്ടതാണ്.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*